(ii) വിവിധ ഭരണകൂടങ്ങൾ

ക്രി. 661 മുതൽ ഒരു നൂറ്റാണ്ടോളം ഉമവീ കുടുംബമാണ് ഇസ്‌ലാമിക സമൂഹത്തെ ഭരിച്ചത്. ഉമവികളുടെ കാലത്ത് ഇസ്‌ലാമിക രാജ്യം കൂടുതൽ വിസ്തൃതമായി. ഉത്തരാഫ്രിക്കയും ദക്ഷിണ യൂറോപ്പിലെ സ്പെയ്നും ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ സിന്ധ് പ്രദേശവും മധ്യേഷ്യൻ പ്രദേശങ്ങളും ഇസ്‌ലാമിക രാജ്യത്തിന്റെ ഭാഗമായത് ഉമവീ ഭരണകാലത്താണ്. ഉത്തരാഫ്രിക്ക മുതൽ ചൈനയുടെ അതിർത്തി വരെയും സിന്ധു നദി വരെയും വ്യാപിച്ചതായിരുന്നു ഉമവീ സാമ്രാജ്യം.

ഉമവീ ഖലീഫഃമാരിൽ ഉമർ രണ്ടാമൻ എന്നറിയപ്പെടുന്ന ഉമറുബ്നു അബ്ദിൽ അസീസ്, രാജവാഴ്ചയെ യഥാർഥ ഖിലാഫത് വ്യവസ്ഥയിലേക്കുതന്നെ തിരിച്ചുകൊണ്ടുപോകാൻ ശ്രമിക്കുകയുണ്ടായി.

ദമസ്കസ് തലസ്ഥാനമാക്കിയാണ് ഉമവികൾ ഭരിച്ചിരുന്നത്. അറബി അക്ഷരങ്ങൾ ഇന്നത്തെ രൂപം പ്രാപിച്ചതും അറബി ഭാഷയ്ക്ക് വ്യാകരണം ചമയ്ക്കപ്പെട്ടതും ഉമവീ കാലഘട്ടത്തിലായിരുന്നു. വിവിധ സാംസ്കാരിക പാരമ്പര്യമുള്ള സമൂഹങ്ങൾ ഇസ്‌ലാമിക സമൂഹത്തിന്റെ ഭാഗമായിത്തീർന്നതോടെ ആ സമൂഹങ്ങളുടെ പല സമ്പ്രദായങ്ങളും ഇസ്‌ലാമിക സംസ്കാരത്തിന്റെ ഭാഗമായിത്തീരുകയും അതിനെ പോഷിപ്പിക്കുകയും ചെയ്തു. മുസ്‌ലിം ലോകത്ത് വൈജ്ഞാനിക -കലാ-സാഹിത്യങ്ങളുടെ മുന്നേറ്റത്തിനു തുടക്കം കുറിച്ചത് ഉമവീ ഭരണകാലത്താണ്.

ക്രി. 750 മുതൽ 1258 വരെയാണ് അബ്ബാസീ കാലഘട്ടം. പ്രവാചകന്റെ പിതൃവ്യൻ അബ്ബാസിന്റെ പിന്മുറക്കാരനായ അബുൽഅബ്ബാസാണ് മധ്യേഷ്യക്കാരനായ അബൂമുസ്‌ലിമിൽ ഖുറാസാനിയുടെ സഹായത്തോടെ അബ്ബാസീ ഖിലാഫതു സ്ഥാപിച്ചത്. ബഗ്ദാദ് ആയിരുന്നു അബ്ബാസികളുടെ തലസ്ഥാനം. സാംസ്കാരികമായും വൈജ്ഞാനികമായും മുസ്‌ലിം സമൂഹം ഏറ്റം പുഷ്കലമായ കാലമായിരുന്നു അബ്ബാസികളുടേത്. പേർഷ്യയിൽനിന്നും ഇന്ത്യയിൽനിന്നും ഗ്രീസിൽനിന്നുമുള്ള നിരവധി പണ്ഡിതന്മാർ മുസ്‌ലിം രാജ്യത്തേക്ക് ക്ഷണിക്കപ്പെട്ടു. അവരുടെ ഭാഷകളിലുള്ള നിരവധി മഹാ ഗ്രന്ഥങ്ങൾ അറബി ഭാഷയിലേക്ക് തർജമഃ ചെയ്യപ്പെട്ടു. അറബി പണ്ഡിതന്മാർ ദർശനങ്ങളിലും തത്ത്വശാസ്ത്രങ്ങളിലും ലോകോത്തരന്മാരാകാൻ ഇതു കാരണമായി. അറബി ഭാഷ ഒരു ലോക ഭാഷയായിത്തീർന്നു. ഭൂമിശാസ്ത്രം, ഗോളശാസ്ത്രം, രസതന്ത്രം, സാങ്കേതികശാസ്ത്രം, ആരോഗ്യശാസ്ത്രം തുടങ്ങിയ രംഗങ്ങളിലെല്ലാം മുസ്‌ലിംകൾ ലോകത്തിലെ ഏറ്റവും മികച്ച സമൂഹമായിത്തീർന്നു.

മൻസ്വൂർ, മഹ്ദി, ഹാറൂനുർറശീദ്, മഅ്മൂൻ എന്നിവരാണ് അബ്ബാസീ വംശത്തിലെ ഏറ്റവും വിഖ്യാതരായ ഖലീഫഃമാർ. കലാസാഹിത്യങ്ങളെയും ശാസ്ത്രങ്ങളെയും സാങ്കേതിക വിദ്യകളെയും ഏറെ പ്രോത്സാഹിപ്പിച്ചവരായിരുന്നു.

അബ്ബാസികൾ അധികാരം പിടിച്ചെടുത്തപ്പോൾ ഉമവീ കുടുംബത്തിലെ അംഗമായ അബ്ദുർറഹ്മാൻ സ്പെയ്നിലേക്ക് പലായനം ചെയ്യുകയും അവിടെ കൊർദോവ തലസ്ഥാനമാക്കി ഒരു ഖിലാഫത് സ്ഥാപിക്കുകയും ചെയ്തു. ഇതും ഉമവീ ഖിലാഫത് എന്നുതന്നെയാണറിയപ്പെടുന്നത്. ക്രി. 756 മുതൽ 1031 വരെ ഈ ഖിലാഫതു നിലനിന്നു. വിജ്ഞാന രംഗത്തും ശാസ്ത്രരംഗത്തും അബ്ബാസികൾക്കു തുല്യമായ പുരോഗതി ഈ ഉമവീ ഖിലാഫതും നേടുകയുണ്ടായി. സ്പെയ്നിലെ മുസ്‌ലിം പണ്ഡിതന്മാരാണ് യൂറോപ്യൻ നവോത്ഥാനത്തിന് അടിത്തറ പാകിയതെന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നുണ്ട്.

അബ്ബാസികളുടെ കാലഘട്ടത്തിൽതന്നെയാണ് ഉത്തരാഫ്രിക്കയിൽ ഫാത്വിമീ ഖിലാഫത് സ്ഥാപിതമായതും. അബ്ബാസികൾക്കെതിരെ വിപ്ലവം നടത്തിയ ഇസ്മാഈലീ നേതാവ് അബൂഅബ്ദില്ലാഹിൽ ഹുസൈൻ ആണ് ഫാത്വിമീ ഖിലാഫതിന്റെ സ്ഥാപകൻ. മൊറോക്കോ മുതൽ ഈജിപ്ത് വരെയുള്ള മുസ്‌ലിം നാടുകൾ ക്രി. 909-1171 കാലത്ത് ഭരിച്ചത് ഫാത്വിമികളായിരുന്നു. 1171-ൽ സ്വലാഹുദ്ദീനിൽ അയ്യൂബി ഒടുവിലത്തെ ഫാത്വിമീ ഖലീഫഃയെ സ്ഥാനഭ്രഷ്ടനാക്കിയതോടെ ഈ വംശത്തിന്റെ വാഴ്ച അവസാനിച്ചു. താതാരികളുടെ ആക്രമണവും കുരിശു യുദ്ധങ്ങളും അബ്ബാസീ കാലഘട്ടത്തിൽ മുസ്‌ലിം ലോകം നേരിട്ട രണ്ടു വൻ ദുരന്തങ്ങളാണ്.

അബ്ബാസികൾ ക്ഷയോന്മുഖമായ ഈ കാലഘട്ടത്തിൽ വിശാലമായ ഇസ്‌ലാമിക സാമ്രാജ്യത്തിനകത്ത് ചെറുതും വലുതുമായ അനേകം സ്വതന്ത്രഭരണകൂടങ്ങൾ വേറെയും നിലവിൽ വരികയുണ്ടായി. ബുവൈഹി (ക്രി. 945-1055), സൽജൂഖി (1037-1194), സാമാനി (860-990), ഖുവാരിസ് ഷാഹി (1077-1231), അയ്യൂബി (1171-1250), അഗ്‌ലബി (800-900), മുറാബിത്വ് (1040-1147), മുവഹ്ഹിദ് (1120-1268) തുടങ്ങിയ ഭരണകൂടങ്ങൾ അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

എന്നാൽ, അബ്ബാസികൾക്ക് ശേഷം ഏറ്റവും സുശക്തമായ ഒരു സാമ്രാജ്യം പടുത്തുയർത്തിയത് തുർകിയിലെ ഉഥ്മാനീ ഭരണകൂട(687/1288)മാണ്. ഉഥ്മാൻ ഖാനാണ് ഈ ഭരണകൂടത്തിന് അടിത്തറ പാകിയത്. മുസ്‌ലിംലോകത്തിന്റെ ഒരു കേന്ദ്രമെന്ന നിലയിൽ സുദീർഘമായ ആറു നൂറ്റാണ്ടുകാലം നിലനില്ക്കാൻ അതിനു കഴിഞ്ഞു. 1453-ൽ തുർകികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. ബോസ്നിയ, കൊസോവൊ, അൽബേനിയ മുതലായ യൂറോപ്യൻ പ്രദേശങ്ങളിൽ ഇസ്‌ലാം പ്രചരിച്ചത് തുർകികളുടെ വാഴ്ചക്കാലത്താണ്. ഒന്നാം ലോകയുദ്ധാനന്തരം ഉഥ്മാനീ ഖിലാഫതിന്റെ ശക്തിക്ഷയം പൂർണമായി. തുടർന്ന് കമാൽ പാഷയുടെ നേതൃത്വത്തിൽ 1924-ൽ തുർകി ഒരു നിർമത രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു.

ക്രി. 11-12 നൂറ്റാണ്ടുകളിൽ മുഹമ്മദ് ഗസ്നി, മുഹമ്മദ് ഗൂറി എന്നീ മധ്യേഷ്യൻ രാജാക്കന്മാരുടെ പടയോട്ടങ്ങൾ ഇന്ത്യയിൽ മുസ്‌ലിം ഭരണത്തിന് അടിത്തറ പാകി. മംലൂക് (അടിമവംശം), ഖൽജി, തുഗ്‌ലഖ്, സയ്യിദ്, ലോധി എന്നീ വംശങ്ങളാണ് ദൽഹി ആസ്ഥാനമാക്കി ഇന്ത്യ ഭരിച്ച മുസ്‌ലിം രാജവംശങ്ങൾ. 16-ാം നൂറ്റാണ്ടിൽ മുഗൾ ചക്രവർത്തി ബാബർ, ഇബ്റാഹീം ലോധിയെ പുറത്താക്കി ഇന്ത്യയിൽ മുഗൾ ഭരണം സ്ഥാപിച്ചു. തുടർന്ന് 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരാൽ സ്ഥാന ഭ്രഷ്ടരാക്കപ്പെടുന്നതുവരെ മുഗൾ രാജവംശം ഇന്ത്യ ഭരിച്ചു. മുഗൾ ആധിപത്യകാലത്തുതന്നെ ദക്ഷിണേന്ത്യയിൽ ചില സ്വതന്ത്ര മുസ്‌ലിം രാജ്യങ്ങൾ സ്ഥാപിതമായിരുന്നു. ഹൈദർ അലി സ്ഥാപിച്ച മൈസൂർ സാമ്രാജ്യം, ഡക്കാനിലെ ഭാമിനീ രാജവംശം, ഹൈദരാബാദിലെ നിളാമീ രാജവംശം എന്നിവ അവയിൽ ചിലതാണ്. ഭാമിനീ രാജവംശം നേരത്തെ തന്നെ അസ്തമിച്ചു. മൈസൂർ സാമ്രാജ്യത്തെ ബ്രിട്ടീഷുകാർ തകർത്തു. കേരളത്തിലുണ്ടായിരുന്ന ഒരു കൊച്ചു മുസ്‌ലിം രാജവംശമാണ് കണ്ണൂർ ആസ്ഥാനമാക്കി ഭരിച്ച അറയ്ക്കൽ രാജവംശം. ബ്രിട്ടീഷ് ആധിപത്യത്തോടെ ഈ രാജവംശവും അധികാര ഭ്രഷ്ടരായി.

പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ മുസ്‌ലിം രാജ്യങ്ങളിൽ മിക്കതും യൂറോപ്യൻ സാമ്രാജ്യത്വ ശക്തികൾക്ക് വിധേയമായി. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിലാണ് പിന്നീടവ സ്വാതന്ത്ര്യം വീണ്ടെടുത്തത്. സ്വാതന്ത്ര്യം തിരിച്ചു കിട്ടിയെങ്കിലും പല രാജ്യങ്ങളുടെയും പഴയ അതിർത്തികൾ അതേപടി നിലനിന്നില്ല. ദേശീയതയുടെ അടിസ്ഥാനത്തിൽ പല രാജ്യങ്ങളും വിഭജിക്കപ്പെടുകയും അതുവഴി പുതിയ ഒരുപാട് രാജ്യങ്ങൾ നിലവിൽ വരികയും ചെയ്തു. തുർകിയുടെ അധീനത്തിലിരുന്ന ഭൂപ്രദേശങ്ങളിലും ഇപ്രകാരം നിരവധി പുതിയ രാഷ്ട്രങ്ങൾ ഉയർന്നുവന്നു. അതേസമയം മധ്യേഷ്യയിലെ മുസ്‌ലിം രാജ്യങ്ങൾ നവജാത സോവിയറ്റ് സാമ്രാജ്യത്തിന്റെ പിടിയിലമരുകയും ചെയ്തു. അപ്രകാരം കിഴക്കൻ തുർകിസ്താൻ ചൈനക്കും വിധേയമായി. സോവിയറ്റ് സാമ്രാജ്യത്വത്തിന്റെ തകർച്ചക്കുശേഷം മധ്യേഷ്യയിലെ ഈ രാജ്യങ്ങൾ സ്വതന്ത്രമാവുകയും അവിടെ പുതിയ മുസ്‌ലിം ഭരണകൂടങ്ങൾ സ്ഥാപിതമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ കിഴക്കൻ തുർകിസ്താൻ ഇപ്പോഴും ചൈനയിലെ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലാണ്.